II ശ്രദ്ധക്ഷണിക്കൽ

(1) കയർ സഹകരണ സംഘങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ

ഡോ. തോമസ് ഐസക്: സർ, കയർ വ്യവസായ മേഖലയിൽ നാല് ലക്ഷത്തോളം തൊഴിലാളികൾ നേരിടുന്ന അതീവ ഗുരുതരമായ സ്ഥിതിവിശേഷത്തിലേക്ക് ബഹുമാനപ്പെട്ട കൃഷിയും കയറും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ഞാൻ ക്ഷണിക്കുകയാണ്. ഈ തൊഴിലാളികൾക്ക് വർഷത്തിൽ പകുതി ദിവസംപോലും പണി ലഭിക്കുന്നില്ല എന്നു മാത്രമല്ല ശരാശരി മുപ്പത്-നാൽപ്പത് രൂപയാണ് ഒരു ദിവസത്തെ പണിക്ക് ഇന്ന് കയർ തൊഴിലാളികൾക്ക് ലഭിക്കുന്ന വേതനം എന്നുപറയുന്നത്. എന്നാൽ കഴിഞ്ഞ പത്ത് വർഷക്കാലം എടുത്തുനോക്കിയാൽ കയർ ഉൽപ്പന്നങ്ങളുടെ കയറ്റുമതിയിൽ വൻ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. കയർ ഉൽപ്പന്നങ്ങളുടെ വിലയിലും വർദ്ധനവുണ്ടായിട്ടുണ്ട്. പിന്നെന്തുകൊണ്ടാണ് ഈ സ്ഥിതിവിശേഷം ഉണ്ടാകുന്നത്? ഈ വർദ്ധനവിന്റെ നേട്ടം മുഴുവൻ കയറ്റുമതിക്കാരിലേക്കും കച്ചവടക്കാരിലേക്കും പോകുന്നു എന്നുള്ളതാണ്. എല്ലാകാലത്തും കയറ്റുമതിക്കാർക്ക് ആധിപത്യം ഉണ്ടായിട്ടുണ്ട്. എന്നാൽ കേരളത്തിലുള്ള സഹകരണപ്രസ്ഥാനത്തിലൂടെ ഈ കച്ചവടക്കാരുടെ ആധിപത്യം തകർക്കുന്നതിന് കഴിഞ്ഞിട്ടുണ്ട് എന്നുള്ളതാണ് വസ്തുത. കേരളത്തിൽ അൻപതുകളിലും അറുപതുകളിലും നിയോഗിച്ചിട്ടുള്ള കയർ കമ്മിറ്റികളും ശ്രീ. എക്സ്. സ്മിത്തിന്റെ റിപ്പോർട്ടിലും കയറ്റുമതി മുതലാളിമാരായിട്ടുള്ള കച്ചവടക്കാർ, തൊണ്ടുമേഖലയിലും കയർ മേഖലയിലും ആധിപത്യം പുലർത്തുകയാണെങ്കിൽ മിനിമം കൂലി ഒരു കാലത്തും നൽകാൻ കഴിയില്ല എന്ന് അഭിപ്രായപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് സഹകരണ സംഘങ്ങൾക്ക് രൂപം നൽകിയിട്ടുള്ളത്. ഇപ്പോൾ എന്താണ് ഇതിന്റെ സ്ഥിതി? 2.8 ലക്ഷം തൊഴിലാളികൾ ഈ മേഖലയിൽ ഉണ്ട്. കഴിഞ്ഞ വർഷം പണി നൽകിയത് നാൽപ്പത്തിയെണ്ണായിരത്തി നാന്നൂറ്റി അൻപത്തിയൊൻപത് പേർക്കാണ്. ഒരു തൊഴിലാളി പിരിച്ചത് 1.8 കിന്റൽ കയറാണ്. ശരാശരി മാസം 31 രൂപയുടെ പണി. ഇങ്ങനെ വരാൻ കാരണമെന്താണ്? ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരിച്ചിരുന്ന കാലത്ത് ഈ സംഘങ്ങൾ ഫൈബറും തൊണ്ടും വാങ്ങുന്നതിന് സബ്സിഡിയായിട്ട് 4.34 കോടി രൂപ നൽകിയിരുന്നു. കയർഫെഡിന്റെ റാ മെറ്റീരിയൽ ബാങ്കിന് ഒരു കോടി രൂപ നൽകിയിരുന്നു. തൊണ്ട് നിയന്ത്രണത്തിന് രണ്ടു കോടി രൂപയോളം ചെലവാക്കിയിരുന്നു. എന്നാൽ ഈ സർക്കാർ ഫൈബർ കളക്ട് ചെയ്യുന്നതിനും

9.30 A.M.]

LIBRARY ARCHIVES Kerala Legislative Assembly

തൊണ്ട് സംഭരിക്കുന്നതിനും ഒരു പൈസയെങ്കിലും സംഘങ്ങൾക്ക് സഹായം നൽകിയിട്ടുണ്ടോ? ഈ സർക്കാരിന്റെ ആദ്യ വർഷത്തിൽ ഇരുപത്തിയൊൻപത് കോടി രൂപ കയറിനുവേണ്ടി ചെലവാക്കി. രണ്ടാം വർഷത്തിൽ ചെലവിട്ടത് 17 കോടി രൂപയാണ്. ഈ കഴിഞ്ഞ ബഡ്ജറ്റിൽ വച്ചിരുന്നത് 12 കോടി രൂപയാണ്. എനിക്ക് ഒരു സംശയവുമില്ല നാളെ കണക്കുകിട്ടുമ്പോൾ മനസ്സിലാക്കാൻ കഴിയും 10 കോടി രൂപപോലും ചെലവഴിച്ചിട്ടില്ല എന്ന്. ഇതുപോലുള്ള നീചമായ പ്രവൃത്തി ഈ വ്യവസായത്തോടു ചെയ്യുന്നതിന് ഈ പാവപ്പെട്ട തൊഴിലാളികൾ എന്ത് തെറ്റ് ചെയ്തു? കഴിഞ്ഞ രണ്ടു പതിറ്റാണ്ടുകൾക്കിടയിൽ കയർ വ്യവസായ മേഖലയിൽ ഏറ്റവും കുറച്ച് പണം വികസനത്തിന് മുടക്കിയിട്ടുള്ള കഴിഞ്ഞവർഷമാണ്. സഹകരണ മേഖലയിലെ സഞ്ചിത നഷ്ടം 34 കോടി രൂപയാണെന്ന് പറയുന്നു. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ നഷ്ടവുമായിട്ട് ബന്ധപ്പെടുത്തിക്കഴിഞ്ഞാൽ ഇത് തുച്ഛമാണ്. മുപ്പത്തിനാല് കോടി രൂപ സഞ്ചിത നഷ്ടം ഉണ്ടാകുമ്പോൾ ഈ കയർ സഹകരണ സംഘങ്ങളുടെ ഷെഡുകൾ, വസ്തുവകകൾ തുടങ്ങിയ ആസ്തി എടുത്തുകഴിഞ്ഞാൽ ഞാൻ പറയുന്നു ഇന്നത്തെ കറണ്ട് മാർക്കറ്റ് വാല്യൂ എഴുപത് കോടി രൂപയെങ്കിലും വരും. ഈ നഷ്ടം എങ്ങനെയാണ് ഉണ്ടായിട്ടുള്ളത്? എൻ. സി. ഡി. സി.-യുടെ ഫണ്ട് എടുത്തിട്ട് തൊഴിലാളികളോടും സംഘടനകളോടും ആലോചിക്കാതെ അവർക്ക് വേണ്ടാത്ത യന്ത്രവൽക്കൃതറാട്ടുകളും ഡി-ഫൈബറിംഗ് മില്ലുകളും അവരുടെ മേൽ കെട്ടിവച്ചതല്ലേ സമീപകാലത്ത് ഉണ്ടായിട്ടുള്ള ഏറ്റവും വലിയ നഷ്ടത്തിന് കാരണം? ഇന്ന് ഇപ്പോൾ പ്രവർത്തിക്കാത്ത മോട്ടറൈസ് റാട്ടുകളുടെ മിനിമം വൈദ്യുതി ചാർജും ഈ സംഘങ്ങൾ നൽകിക്കൊണ്ടിരിക്കുകയാണ്. സർ, ഇതിനുള്ള ഉത്തരങ്ങൾ വളരെ ലളിതമാണ്. ഈ സംഘങ്ങളുടെ കാഷ് ലോസ് റൈറ്റ് ഓഫ് ചെയ്യുകയാണെങ്കിൽ അവർ ബാങ്കിൽ നിന്നോ ധനകാര്യ സ്ഥാപനത്തിൽ നിന്നോ വായ്പയെടുത്ത് എവിടെ നിന്നെങ്കിലും ചകിരിയും തൊണ്ടും വാങ്ങിച്ചുകൊള്ളും. വിദേശത്തു നിന്ന് ചകിരിയും തൊണ്ടും ഇറക്കുമതി ചെയ്യാൻ പോകുന്നതിനുപകരം നമ്മുടെ നാട്ടിലുള്ള അഞ്ഞൂറ് കോടി തൊണ്ടിൽ നിന്നും ആവശ്യമായ തൊണ്ട് സംഭരിക്കുന്നതിന് 25 കോടി രൂപ സബ്സിഡിയായിട്ട് വ്യവസായവൽക്കരണ പരിപാടിയുടെ ഭാഗമായി നൽകിയാൽ മതിയാകും. ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടിയുടെ ഭാഗമായിട്ട് ഈ ഇരുപത്തിയഞ്ച് കോടി രൂപ മാറ്റിവച്ചുകഴിഞ്ഞാൽ കുടുംബശ്രീ അയൽക്കൂട്ടങ്ങളിലൂടെ കേരളത്തിൽ നിന്നുള്ള തൊണ്ട് ശേഖരിക്കുവാൻ കഴിയും. ഈ പാവങ്ങൾക്ക് നിങ്ങൾ പ്രത്യേകിച്ച് ദാരിദ്ര്യ നിർമ്മാർജന പരിപാടിയൊന്നും കൊണ്ടുവരണ്ട, കയർ പിരിക്കാൻ അറിയാം, അവർ പിരിച്ച് എങ്ങനെയെങ്കിലും ജീവിച്ചുകൊള്ളും. ഈ

LIBRARY ARCHIVES Kerala Legislative Assembly

കാരുണ്യമെങ്കിലും കയർ വ്യവസായ തൊഴിലാളികളോട് കാണിക്കണം, പകരം ഈ വ്യവസായ സഹകരണ പ്രസ്ഥാനത്തെ ആകെ തകർക്കുന്ന രീതിയിലുള്ള സ്വയം സഹായ സംഘങ്ങൾക്ക് ധനസഹായം നൽകുന്നതിന് വേണ്ടി ഇപ്പോൾ നയപ്രഖ്യാപനത്തിൽ പറഞ്ഞിരിക്കുന്ന നിർദ്ദേശം, പിൻവലിക്കണം. കാരണം സ്വയം സഹായ സംഘങ്ങൾ ഉണ്ടാക്കുന്ന കയർ കയർഫെഡ് വാങ്ങുന്നില്ല. വാങ്ങുന്നത് കച്ചവടക്കാർ ആണ്. കഴിഞ്ഞ നാല് പതിറ്റാണ്ടുകൊണ്ട് കേരളത്തിലെ കയർ പ്രസ്ഥാനം ആരെയാണോ ഈ വ്യവസായമേഖലയിൽ നിന്ന് മാറ്റിയത് അവരെ അങ്ങ് വീണ്ടും ഇവിടെ തിരിച്ചുകൊണ്ടുവരികയാണ്. ഈ നയങ്ങൾ പുനഃരിശോധിക്കണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): സർ, കയർ വ്യവസായത്തിന് ഇന്ന് പ്രതിസന്ധി ഇല്ലെന്ന് പറയുന്നില്ല. ചകിരിയില്ല അതാണ് പ്രതിസന്ധിയുടെ പ്രധാന കാരണം. ചകിരിയില്ലാതെ വന്നതും, ചകിരി കേരളത്തിൽ ഉൽപ്പാദിപ്പിക്കാതെ വന്നതും ഈ ഗവൺമെന്റ് വന്നതിനുശേഷം അല്ല. വളരെ കാലം മുൻപ്, 20 സംവൽസരമായി കേരളത്തിൽ ചില മേഖലകളിൽ മാത്രം ചകിരി ഉൽപ്പാദിപ്പിക്കുകയും ബാക്കിയുള്ള സ്ഥലങ്ങളിൽ ചകിരി ഉൽപ്പാദിപ്പിക്കാതെ, ഉൽപ്പാദിപ്പിക്കാൻ ശ്രമിക്കുന്നവരുടെ മെഷീനും മറ്റും തല്ലിപ്പൊട്ടിക്കുകയും മറ്റും ചെയ്തതിന്റെ ഫലമായി ചകിരി ഉൽപ്പാദനം തമിഴ്നാട്ടിലേക്കുപോയി. അത് മനസ്സിലാക്കണം. ഈ വിവരം പറയുന്നത് ഡോ. തോമസ് ഐസക്കാണ്. സർ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഞാൻ വ്യവസായ വകുപ്പ് മന്ത്രിയായിരുന്നപ്പോൾ 1987-ൽ ഒരു കമ്മിറ്റി സംഘടിപ്പിച്ചു. ആ കമ്മിറ്റി ഇവിടെ യന്ത്രവൽക്കൃത റാട്ടുകളും ഡി-ഫൈബറിംഗ് യൂണിറ്റുകളും വേണമെന്ന് ശുപാർശ ചെയ്തു. ശ്രീ. ആനത്തലവട്ടം ആനന്ദനേയും അന്തരിച്ച സുശീലാ ഗോപാലനേയുംകൂടി ഉൾക്കൊള്ളിച്ചുകൊണ്ടാണ് ആ കമ്മിറ്റി സംഘടിപ്പിച്ചത്. സി.ഐ.ടി.യു.-വിന്റെ ഭാഗത്തുനിന്ന് എതിർപ്പ് വരാതിരിക്കാൻ വേണ്ടിയാണ്. ആ വിധത്തിൽ അന്ന് സംഘടിപ്പിച്ച കമ്മറ്റിയാണ് ആ ഡി-ഫൈബറിംഗ് യൂണിറ്റ് കേരളത്തിൽ തുടങ്ങാതെ തീരുമാനമെടുത്തത്. കേരളത്തിൽ ചകിരിയുടെ ക്ഷാമം ഉണ്ടാകാൻ കാരണം. ഞാൻ പറഞ്ഞല്ലോ, കേരളത്തിൽ മെക്കനൈസ്ഡ് റാട്ടിൽ ചകിരി തല്ലുന്നതിനെതിരായി തൊഴിലാളികൾ അക്രമ സമരം നടത്തിക്കൊണ്ടിരുന്നതിനാൽ ചകിരിത്തല്ലുയന്ത്രങ്ങൾ തമിഴ്നാട്ടിലേക്ക് പോയി. അതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ തൊഴിൽ അങ്ങോട്ടുപോയി. ബാക്കി ഉണങ്ങിയുംപോയി. 20 സംവൽസരമായി നമ്മൾ ചകിരിയെ ആശ്രയിക്കുന്നതും വരുത്തുന്നതും അന്യ സംസ്ഥാനങ്ങളിൽ നിന്നാണ്. നിങ്ങൾ വച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനത്തിന് ഉത്തരവിട്ടെങ്കിലും പെട്ടെന്ന് ആ ഗവൺമെന്റ് രാജിവച്ച് പോയതിനാൽ നടപടികളെടുത്തില്ല. ഇല്ലായെന്ന് ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നില്ല. നമ്മൾ രണ്ടുപേരും കൂടിയിരുന്ന് തീരുമാനിച്ചതാണല്ലോ? അതുകൊണ്ട് പറയുകയാണ്. ഇല്ല എന്നുള്ളതല്ല. ഏതായാലും അത് കഴിഞ്ഞതിനുശേഷം 58 ഡി-ഫൈബറിംഗ് യൂണിറ്റുകൾ കോ-ഓപ്പറേറ്റീവ് മേഖലയിൽ ഉണ്ടാക്കി. മലബാറിൽ മാത്രമായി ഒതുക്കിയതാണ്. എന്റെ കാലത്തല്ല, കഴിഞ്ഞ മന്ത്രിസഭയുടെ കാലത്താണ്. 58 ഡി-ഡിഫൈബറിഗ് യൂണിറ്റുള്ളതിൽ നടക്കുന്നത് എട്ടെണ്ണമാണ്. ആ എട്ടെണ്ണം നല്ലതുപോലെയല്ല നടക്കുന്നത്. ഇന്നത് ചെയ്താലേ ഇത് ശരിയാക്കാൻ പറ്റൂ എന്നുള്ള വിധത്തിൽ DCD ഗവൺമെന്റിന് റിപ്പോർട്ട് തന്നിരിക്കുകയാണ്. ചകിരി പ്രധാന കാര്യമാണ്. ചകിരിയില്ല. ചകിരി ഈ നാട്ടിൽ ഉൽപ്പാദിപ്പിക്കാൻ വേണ്ടിയുള്ള നടപടികൾ എടുക്കാൻ സർക്കാർ തയ്യാറാണ്. പുതിയ ഡീ-ഫൈബറിംഗ് യൂണിറ്റുകൾ കൊച്ചി-തിരുവിതാംകൂർ ഭാഗത്ത് പ്രൈവറ്റ് പാർട്ടികളോ സംഘങ്ങളോ തുടങ്ങാൻ തയ്യാറുള്ളവരിൽനിന്ന് അപേക്ഷ ക്ഷണിച്ചിരിക്കുകയാണ്. ഇപ്പോൾ കയർ ബോർഡ്, സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന പച്ചത്തൊണ്ട് സംഭരിക്കാൻ ഒരു പദ്ധതി തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് അയച്ചുകൊടുത്തിട്ടുണ്ട്. ഒരു തൊണ്ട് സംഭരിച്ചാൽ 15 പൈസ സഹായം എന്ന വിധത്തിലുള്ള ഒരു തീരുമാനം വന്നിട്ടുണ്ട്. ആ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അത് തുടങ്ങുമായിരിക്കാം. ഇല്ല, എന്നുള്ളതല്ല, പക്ഷെ ഇടക്കാലത്തേക്ക് ചകിരി വേണം, ഈ കാലത്ത് ഇവിടെ ഡീ-ഫൈബറിംഗ് യൂണിറ്റ് പ്രൈവറ്റ് മേഖലയിൽ കൊടുക്കാൻ ഞങ്ങൾ തീരുമാനിച്ചു; അപേക്ഷ ക്ഷണിച്ചിരിക്കുകയാണ്. അപ്പുറത്തിരിക്കുന്ന ഹരിപ്പാട് മെമ്പറോട് ചോദിച്ചാൽ പറയും. അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിൽ ഡീ-ഫൈബറിംഗ് നടത്തുന്നത് പഴയകാലത്ത് പ്രൈവറ്റ് വ്യക്തികൾ എതിർത്തിരുന്നെങ്കിൽ ഇന്നവിടെ സഹകാര്യവ്യക്തികൾക്ക് ഡീ-ഫൈബറിംഗ് യൂണിറ്റുകളുണ്ട്. അത് നല്ലതുപോലെ നടക്കുന്നു. എന്തുമാത്രം ആളുകൾക്കാണെന്നോ അവിടെ പണി കൊടുക്കാൻ കഴിയുന്നത്? കോ-ഓപ്പറേറ്റീവ് സൊസൈറ്റിയായാലും വ്യക്തിയായാലും ആരായാലും പകുതി പണം സബ്സിഡിയായി കൊടുക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ബഡ്ജറ്റിൽ പ്രൊവിഷൻ കൊടുത്തിട്ടുണ്ട്. ആപ്ലിക്കേഷൻ ക്ഷണിച്ചിട്ടുണ്ട്. ചകിരി ഇല്ലാതെ ഒന്നും നടക്കില്ല. ഇപ്പോൾ ചകിരിക്ക് ക്ഷാമമാണ്. ഇപ്പോൾ മണ്ഡരി വന്നു. അതുകൊണ്ട് ഉപയോഗിക്കാവുന്ന തൊണ്ട് കുറഞ്ഞു. മേൽപ്പറഞ്ഞ കാര്യങ്ങളാണ് ചകിരി കിട്ടാൻ ഈ നാട്ടിലുണ്ടായ ബുദ്ധിമുട്ട്. മെക്കനൈസേഷൻ നടക്കണ്ടേ? കാലാന്തരത്തിൽ വരുന്ന മാറ്റത്തിനനുസരിച്ച് പോകാൻ കഴിയാത്തതായിരുന്നു ഈ രംഗത്ത് ഇന്നുള്ള ബുദ്ധിമുട്ടുകൾ. ചകിരി ഇല്ലാത്തതുകൊണ്ട് വാങ്ങണം. കയർ ബോർഡ് ചില തീരുമാനങ്ങൾ എടുത്തു. തൊണ്ട് സംഭരിക്കുന്ന ചില സംഘടനകൾക്ക് 15 പൈസ വച്ച് കൊടുക്കാൻ തീരുമാനിച്ചു. കേന്ദ്രത്തിൽ അനുമതിക്ക്

LIBRARY ARCHIVES Kerala Legislative Assembly

എഴുതിയിരിക്കുകയാണ്. ബോർഡ് തമിഴ്നാട്ടിൽ പോയി ചകിരി എടുക്കുന്നുണ്ട്. പ്രൈവറ്റ് വ്യക്തികൾക്ക്, ഇഷ്ടമുള്ളവർക്ക് പോയി എടുക്കാമെന്നാണ് തീരുമാനം. ട്രാൻസ്പോർട്ട് സബ്സിഡി കൊടുക്കുന്നതിന് ബോർഡ് തീരുമാനിച്ചിട്ടുണ്ട്. തൊണ്ട് കളക്ട് ചെയ്യുന്നതിന് കയർ ബോർഡ് 15 പൈസ കൊടുക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ആവശ്യത്തിനുള്ള തൊണ്ടോ ചകിരിയോ സംഭരിക്കാനുള്ള ബുദ്ധിമുട്ടുകൊണ്ട് സംസ്ഥാന ഗവൺമെന്റ് ലക്ഷദ്വീപിൽ പോയി തൊണ്ട് കൊണ്ടുവരാമെന്നാണ്. അവിടെ വലിയ വിലയാണ്. എങ്കിൽപ്പോലും ഇന്നത്തെ നിലയ്ക്ക് ഒരു കിലോഗ്രാം തൊണ്ടിന് ഒരു രൂപ ഇരുപത് പൈസ വച്ച് 100 ടൺ തൊണ്ട് വാങ്ങാൻ ഇടപാടായി. അവർ കോഴിക്കോട്ട് കൊണ്ടുവന്ന് ഇറക്കിയാൽ ഒരു കിലോ തൊണ്ടിന് ഒരു രൂപ ഇരുപത് പൈസ കൊടുക്കണം. ഇവിടെ ചകിരിക്ക് ദൗർലഭ്യമായതുകൊണ്ട് 100 ടൺ തൊണ്ട് ലക്ഷദ്വീപിൽനിന്ന് ഇറക്കുന്നതിനുവേണ്ടിയുള്ള എഗ്രിമെന്റായി; ജനുവരി മാസത്തിൽ ഇറക്കിത്തുടങ്ങും. ചകിരി വാങ്ങുന്നതിനുവേണ്ടിയുള്ള നടപടികൾ എടുക്കുന്നുണ്ട്. കർണ്ണാടകയിൽനിന്നും ബ്രൗൺ ഫൈബർ ഒമ്പത് രൂപയ്ക്കും വൈറ്റ് ഫൈബർ 12 രൂപയ്ക്കും ഇറക്കാൻ. വില കൂടതലായിരിക്കാം. എങ്കിൽപ്പോലും എഗ്രിമെന്റായി. രണ്ട് ലോഡ് ചകിരി കയർഫെഡിൽ ഇറക്കിത്തുടങ്ങി. ഇതൊക്കെകണ്ടുകൊണ്ട് നേരത്തെ ബഡ്ജറ്റിൽ തുക വകകൊള്ളിച്ചിട്ടില്ല. നേരത്തെ ഇത് സംഭരിക്കാൻ പോകുന്നു എന്ന ധാരണ ഇല്ലാത്തതുകൊണ്ട് ബഡ്ജറ്റിൽ പണം കൊള്ളിച്ചിട്ടില്ല. എന്നാൽ ഈ ഗവൺമെന്റ് തീരുമാനിച്ചു. ഇറക്കിത്തുടങ്ങി. അതിനായി രണ്ടു രീതിയിൽ ചകിരി എത്തിക്കഴിഞ്ഞു. ചകിരി കൊടുത്താൽ കയറുൽപ്പാദനമുണ്ടാകും. കയർ പിരിക്കുന്ന തൊഴിലാളികൾക്ക് കൂലി കിട്ടുന്നില്ലെന്ന് പറയുന്നുണ്ട്. അതിനല്ലേ ഇവിടെ യൂണിയനുകൾ? യൂണിയനുകൾ സംഘടിച്ച് ലേബർ ഡിപ്പാർട്ടുമെന്റുമായി ഇടപെട്ട് ആവശ്യമായിട്ടുള്ള കൂലി വാങ്ങിക്കൊടുക്കണം. കൂലി വാങ്ങിക്കൊടുക്കുന്ന ഇടപാടൊന്നും കയർ വകുപ്പിനില്ല. കയർ വകുപ്പ് സഹായിക്കും. തൊഴിലാളികൾക്ക് ചകിരിക്ക് ക്ഷാമം വന്നപ്പോൾ ചകിരി വാങ്ങാനും തൊണ്ട് വാങ്ങാനും നടപടി എടുത്തു. ഇതിനാവശ്യമായ സഹായം ചെയ്തു കൊടുക്കുന്നുണ്ട്. ഇന്നത്തെ നിലയിൽ മുഴുവൻ അബദ്ധവും വന്നത് M.E.P.-യും പർച്ചേസ് പ്രൈസും കേന്ദ്ര ഗവൺമെന്റ് പിൻവലിച്ചതുമൂലമാണ്. അന്നത്തെ കയർ ബോർഡിൽ ഇന്ന് പ്രക്ഷോഭണവും മറ്റും കൂട്ടിനടക്കുന്ന പവിത്രനും ആനത്തലവട്ടം ആനന്ദനും ഉണ്ടായിരുന്നു.....(ബഹളം)..... ഞാൻ അതിന്റെ റെക്കോഡ് തരാം. നിങ്ങൾ ചെയ്യുന്നതെല്ലാം ശരി; ബാക്കിയുള്ളവർ ചെയ്യുന്നതെല്ലാം തെറ്റ് എന്നുള്ള സിദ്ധാന്തം തെറ്റാണ്. M.E.P. നടപ്പിലാക്കണമെന്ന് പറഞ്ഞു. കയർ സെൻട്രൽ ആക്ടാണ്. സംസ്ഥാന ഗവൺമന്റിന് എന്ത് ചെയ്യാൻ കഴിയും? ഞങ്ങൾ മെമ്മോറാണ്ടം

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്തു. ശക്തിയായി പറയുന്നുണ്ട്. ഇനിയും എഴുതാം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെക്കൊണ്ട് എഴുതിക്കുന്നുണ്ട്. നിരന്തരം എഴുതുന്നുണ്ട്. ഇന്നലേയും എഴുതി. ഇതിനേക്കാൾ കൂടുതൽ എന്തു ചെയ്യാൻ കഴിയും? M.E.P.-യും പർച്ചേസ് പ്രൈസും കുറച്ചതാണ് വിഷമങ്ങൾക്കും വില കൂടാനും കാരണമായത്. ഇവിടെ കോ-ഓപ്പറേറ്റീവ് സെക്ടറും പ്രൈവറ്റ് സെക്ടറും നല്ല സഹകരണ സംഘങ്ങളും, സ്വകാര്യ വ്യക്തികളുമുണ്ട്. കുടുംബശ്രീയെക്കൊണ്ട് കയർ ബോർഡ് തൊണ്ട് സംഭരിക്കുന്നതിന് നടപടികളെടുക്കുന്നു. തൊഴിലാളികൾ ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം ഇപ്പോൾ സ്വയംസേവാ സംഘങ്ങൾ ഉണ്ടാക്കുന്നുണ്ടല്ലോ? അത് കയർ ഫെഡുമായി അഫിലിയേറ്റ് ചെയ്യാനും നടപടി എടുക്കുന്നുണ്ട്. ഇന്നത്തെ നിലയിൽ കോ-ഓപ്പറേറ്റീവ് ഡിപ്പാർട്ട്മെന്റിൽ 837 സൊസൈറ്റികളാണുള്ളത്. അതിൽ 315-ഉം പ്രവർത്തനരഹിതമാണ്. ഇന്നുവരെ ആ ഒരു സൊസൈറ്റികളും എൻ. സി. ഡി.-യിൽനിന്നും എടുത്ത പണത്തിൽ ഒരു പൈസ തിരിച്ചടച്ചിട്ടില്ല. 34 സൊസൈറ്റികളാണ് ഇന്നത്തെ നിലയിൽ ലാഭകരമായി പ്രവർത്തിക്കുന്നത്. ബാക്കിയുള്ള സൊസൈറ്റികളെല്ലാം പ്രവർത്തനരഹിതവും നഷ്ടത്തിൽ നടക്കുന്നതുമാണ്. അതിന്റെ മാനേജുമെന്റിൽ, അതിന്റെ കമ്മിറ്റിയിൽ വന്നിരിക്കുന്ന ആളുകൾ ശ്രദ്ധിച്ചിരുന്നെങ്കിൽ ഇതിന് മാറ്റം വരുത്താൻ സാധിക്കുമായിരുന്നു. പ്രക്ഷോഭണങ്ങൾ മാത്രമല്ല, സൊസൈറ്റികൾ നല്ലതുപോലെ പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികളാണ് വേണ്ടത്. മുഴുവനും പുനരുദ്ധരിക്കാനുള്ള നടപടികൾ ഗവൺമെന്റ് എടുത്തു കഴിഞ്ഞു. അവശ്യമുള്ള സഹായം കൊടുക്കുന്നുണ്ട്. കയർ തൊഴിലാളികൾ വെറും തൊഴിലാളികളല്ല. അവർ സ്വാതന്ത്ര്യ സമരത്തിൽ വലിയ പങ്കുവഹിച്ചവരാണ്. ആ വിധത്തിൽ അവരുടേതായിട്ടുള്ള പ്രശ്നത്തിന് ഗവൺമെന്റ് യാതൊരു അമാന്തവും കാണിക്കില്ല. എതു വിധത്തിലും ഗവൺമെന്റ് ഇതിനാവശ്യമുള്ള നടപടികൾ എടുക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുമെന്ന് പറയുകയാണ്.

ഡോക്ടർ തോമസ് ഐസക്: സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞ കാര്യങ്ങളോടൊന്നും യോജിപ്പില്ല. തർക്കവും വ്യത്യാസങ്ങളുമൊക്കെ ഇരിക്കുമ്പോഴും തൊണ്ട് സംഭരിക്കുന്നതിനുള്ള സ്കീം നടപ്പിലാക്കിത്തുടങ്ങിയിട്ടില്ല. നിർദ്ദേശം ഫയലിലിട്ടിരിക്കുകയാണ്. ഇലക്ഷനൊക്കെ കഴിഞ്ഞിട്ടേ ആലോചിക്കുകയുള്ളൂ. ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടിയുടെ ഭാഗമായി തൊണ്ട് സംഭരിക്കുന്നതിന് അയൽക്കൂട്ടങ്ങൾക്ക് സബ്സിഡി നൽകുന്നതിന് സംസ്ഥാന സർക്കാർ തയ്യാറാകുമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: സർ, കയർ ബോർഡ് തൊണ്ടിന് 15 പൈസ സബ്സിഡി കൊടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ അനുമതിക്ക് എഴുതിയിരിക്കുന്നു. വില മുഴുവനും സബ്സിഡി കൊടുക്കണമെന്നാണോ?

സബ്സിഡി കൊടുക്കാത്തതുകൊണ്ട് ഇത് താമസിക്കും. ഈ സ്കീം വന്നാൽ അത് വച്ചിരിക്കാൻ പറ്റില്ല; നടപ്പിലാക്കണം. അതിന് എല്ലാപേരും കൂടണം. കൂടിയെങ്കിൽ മാത്രമേ അത് നടപ്പിലാകൂ. ആ വിധത്തിൽ നടപ്പിലാക്കുന്നതിന് താമസം വരുന്നത് ഇടക്കാലത്താണ്. അവിടെ നിന്നും ഇവിടെനിന്നും ചകിരി വാങ്ങി സപ്ലൈ ചെയ്ത് ഇവിടെ സ്തംഭനം ഒഴിവാക്കുന്നതിനുള്ള നടപടികൾ എടുക്കുന്നതാണ്.

(2) ആറ്റിപ്രയിലെ കുടിയൊഴിപ്പിക്കൽ

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എ. വാഹീദ്: സർ, എന്റെ നിയോജകമണ്ഡലത്തിൽ കുടിയൊഴിപ്പിക്കൽ വർഷങ്ങളായി ഒരു പ്രധാന പ്രവർത്തനമായി തുടർന്നുവരികയാണ്. എന്നാൽ ആറ്റിപ്രയിൽ സ്ഥിരമായി കുടിയൊഴിപ്പിക്കൽ നടക്കുകയാണ്. നാലായിരം ഏക്കർ സ്ഥലം ആറ്റിപ്രയിൽനിന്നും മാത്രം വിവിധ ആവശ്യങ്ങൾക്കായി--ഐ.എസ്.ആർ.ഒ., നാഷണൽ ഹൈവേ, വ്യവസായ പാർക്ക് എന്നിവയ്ക്കായി—കുടിയൊഴിപ്പിച്ചിരിക്കുകയാണ്. ഇപ്പോൾ ടെക്നോ പാർക്കിനുവേണ്ടി 260 ഏക്കർ സ്ഥലം എടുക്കാനായി നോട്ടിഫിക്കേഷൻ കൊടുത്തിട്ടുണ്ട്. ഞങ്ങൾ ടെക്നോ പാർക്കിന്റെ വികസനത്തിനെതിരല്ല. കഴക്കൂട്ടത്ത് ആരുംതന്നെ അതിന്റെ വികസനത്തിനെതിരല്ല. അങ്ങനെ ഒരു തെറ്റിദ്ധാരണ ആർക്കും വേണ്ട. പ്രസ്തുത 260 ഏക്കർ ഭൂമി അർജൻസി ക്ലാസ്സിൽപ്പെടുത്തി എടുക്കാനാണ് റവന്യൂ വകുപ്പ് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിരിക്കുന്നത്. അതിന്റെ ഏരിയ വച്ചു നോക്കുമ്പോൾ അഞ്ഞൂറിൽ കൂടുതൽ വീടുകൾ അവിടെനിന്നും ഒഴിപ്പിക്കേണ്ടി വരും എന്നുള്ള ധാരണ ഇപ്പോൾ അവിടെയുള്ള ജനങ്ങളുടെ ഇടയിൽ നിൽക്കുകയാണ്. ടെക്നോ പാർക്കിനായി പല പ്രാവശ്യം അവിടെനിന്നും സ്ഥലം എടുത്തിട്ടുണ്ട്. യാതൊരു അപശബ്ദവും അവിടെയുള്ള ആളുകൾ ഉണ്ടാക്കിയിട്ടില്ല. അഞ്ഞൂറിലേറെ കുടുംബങ്ങളെ കുടിയൊഴിപ്പിച്ചുകൊണ്ടുള്ള സ്ഥലമെടുപ്പ് വളരെയേറെ പ്രയാസവും വേദനാജനകവുമാണ്. എന്നാൽ പല പ്രാവശ്യമായി എടുത്തിട്ടിരിക്കുന്ന സ്ഥലങ്ങൾ അവിടെയുണ്ട്. കേരള യൂണിവേഴ്സിറ്റി എടുത്തിട്ടിരിക്കുന്ന 500 ഏക്കർ സ്ഥലം ടെക്നോപാർക്കിന് കിഴക്കുവശത്തായി ഇപ്പോഴും പട്ടിക്കാടായി, പാമ്പുവളർത്തൽ കേന്ദ്രമായി കിടക്കുകയാണ്. ഈ കുടിയൊഴിപ്പിക്കൽ ഒഴിവാക്കി, യൂണിവേഴ്സിറ്റി എടുത്തിട്ടിരിക്കുന്ന ഉപയോഗിക്കാത്ത സ്ഥലം ഉപയോഗിക്കണമെന്നുള്ളതാണ് ജനപ്രതിനിധി എന്നുള്ള നിലയിൽ എന്റെ എളിയ അഭ്യർത്ഥന. ഇവിടെ വിവിധ സംഘടനകൾ ഐ.റ്റി. കോറിഡോർ വേണമെന്നാവശ്യപ്പെട്ടുകൊണ്ട് ഒരു വശത്ത് സമരം നടത്തുന്നു, ഇവർതന്നെ അവിടെ ആക്ഷൻ കൗൺസിലുണ്ടാക്കി ഈ കുടിയൊഴിപ്പിക്കൽ ഒഴിവാക്കണമെന്ന് പറഞ്ഞുകൊണ്ട് സമരം നടത്തുകയാണ്.